ഭരണഭാഷ മാതൃഭാഷ

നം. എൻ.എം.എ(2)/24257/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം , തിരുവനന്തപുരം
തീയതി 23/10/2019

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനതപുരം .

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക്

സർ ,

വിഷയം : പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണപദ്ധതി - പാചകത്തൊഴിലാളികളുടെ വേതനവർദ്ധനവ് – സംബന്ധിച്ച്

സൂചന : 1. 05/09/2016 ലെ സ.ഉ(സാധാ)നം:2911/2016./പൊ.വി.വ
2. 17/08/2019 ലെ സ.ഉ(സാധാ)നം:3298/2019./പൊ.വി.വ
3. 09/10/2019 ലെ സ.ഉ(സാധാ)നം:4039/2019/.പൊ.വി.വ

**സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനവർദ്ധനവ് സംബന്ധിച്ച് ചുവടെ നൽകിയിരിക്കുന്ന വിവരങ്ങൾ താങ്കളുടെ അറിവിലേക്കായി നൽകുന്നു .**

1. 150 കുട്ടികൾവരെ ഫീഡിങ് സ്ട്രെങ്ത്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളിയുടെ പ്രതിദിന ഓണറേറിയം 500 രൂപയാണ് . 150 മുതൽ 500 വരെ ഫീഡിങ് സ്ട്രെങ്ത്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളിയുടെ പ്രതിദിന മിനിമം ഓണറേറിയം 500 രൂപയും 150 ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ കണക്കാക്കി പരമാവധി ഓണറേറിയം 575 രൂപയായും നിജപ്പെടുത്തിയിരിക്കുന്നു . 500 നു മുകളിൽ ഫീഡിങ് സ്ട്രെങ്ത്ത് ഉള്ള സ്കൂളുകളിൽ രണ്ട് പാചകത്തൊഴിലാളികളെ നിയമിക്കാവുന്നതാണ് . മിനിമം ഓണറേറിയം ആയ 500 രൂപ എന്ന നിരക്കിനെ അടിസ്ഥാനപ്പെടുത്തി ആദ്യത്തെ 300 കുട്ടികൾക്ക് ഓരോ പാചകത്തൊഴിലാളിക്കും പ്രതിദിനം 500 രൂപ വീതവും 300 നു മുകളിൽ അധികമായി കുട്ടി ഒന്നിന് 25 പൈസ നിരക്കിൽ കണക്കാക്കി ലഭിക്കുന്ന തുകയെ തുല്യമായി വീതിച്ച് പ്രതിദിനം പരമാവധി 575 രൂപയിൽ നിജപ്പെടുത്തി ഇരു തൊഴിലാളികൾക്കും ഓണറേറിയമായി നൽകേണ്ടതാണ് നൽകേണ്ടതാണ് .
2. 2019 ആഗസ്റ്റ് ,2019 സെപ്റ്റംബർ മാസങ്ങളിൽ ഈ ഇനത്തിൽ കുടിശ്ശികയായിട്ടുള്ള ഓണറേറിയം (പ്രതിദിനം 100 രൂപ കുടിശ്ശിക) 2019 ഒക്ടോബർ മാസത്തിൽ തന്നെ നൽകേണ്ടതാണ്.

3. 01.04.2017 മുതൽ 31.07.2019 വരെ കുടിശ്ശികയായിട്ടുള്ള തുക എന്ന് നല്കണമെന്നുള്ള കാര്യം സർക്കാർ ഉത്തരവ് വരുന്ന മുറക്ക് അറിയിക്കുന്നതാണ് .

പാചകത്തൊഴിലാളികളുടെ കുറഞ്ഞ പ്രതിദിന ഓണറേറിയം 500 രൂപയും പരമാവധി പ്രതിദിന ഓണറേറിയം 575 രൂപയുമാണ് .

വിശ്വസ്തതയോടെ ,

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺ മീൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**